പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം
നം. 2161

04/11/2019 ൽ മറുപടി
നല്കേണ്ടത്.

## മായം കലർന്ന ഭക്ഷ്യവസ്തുക്കളുടെ വിവരങ്ങൾ വെബ്സൈറ്റിൽ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.കെ.എസ്.ശബരീനാഥൻ** | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിതാശിശുവികസനവും വകുപ്പ് മന്ത്രി) |
| എ ) ഭക്ഷ്യസുരക്ഷാവകുപ്പിന്റെ പരിശോധനയിൽ കണ്ടെത്തുന്ന മായം കലർന്ന ഭക്ഷ്യ വസ്തുക്കളുടെ വിശദാംശങ്ങൾ പ്രസിദ്ധീകരിക്കണമെന്ന് മുഖ്യ വിവരാവകാശ കമ്മീഷണർ നിർദ്ദേശിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനായി എന്തെല്ലാം നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;<br><br>ബി) സർക്കാർ ലാബുകളിൽ പരിശോധന നടത്തി നിലവാരമില്ലാത്തതും മായം കലർന്നതും വ്യാജവുമായ ഭക്ഷ്യവസ്തുക്കളാണെന്ന് കണ്ടെത്തുന്നവയുടെ പേരും ബ്രാന്റും നിർമ്മാതാക്കളുടെ വിവരങ്ങളും ഭക്ഷ്യ സുരക്ഷാവകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനും അതുസംബന്ധിച്ച് മാധ്യമങ്ങൾ വഴി പ്രചരണം നടത്തുന്നതിനും നടപടി സ്വീകരിക്കുമോ? | എ) & ബി) എ.പി. നം. 1452(1)/2019/എസ്.ഐ.സി (ഫയൽ നമ്പർ 12447/ എസ്.ഐ.സി-ജി4/2019) നമ്പർ ഹർജിയിൻമേൽ സംസ്ഥാന മുഖ്യ വിവരാവകാശ കമ്മീഷണർ ശ്രീ.വിൻസൻ.എം.പോൾ 06.09.2019 തീയതിയായി പുറപ്പെടുവിച്ച ഉത്തരവിൽ പൊതു ജനാരോഗ്യവുമായി അഭേദ്യമായി ബന്ധപ്പെട്ടിട്ടുള്ള വിവരങ്ങൾ ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റിന്റെ വെബ്സൈറ്റിൽ യഥാസമയം പ്രസിദ്ധീകരിക്കേണ്ട ചുമതലയും ഉത്തരവാദിത്തവും ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റിനു ണ്ടെന്ന് പ്രസ്താവി - ച്ചിട്ടുണ്ട്.<br><br>ഭക്ഷ്യവസ്തുക്കൾ നിരോധിച്ച് ഉത്തരവ് പുറപ്പെടുവിക്കുമ്പോൾ ഭക്ഷ്യവസ്തുവിന്റെ ബ്രാൻഡും നിർമ്മാതാവിന്റെ വിവരവും ഭക്ഷ്യവസ്തുക്കളുടെ സാമ്പിൾ പരിശോധന നടത്തിയതിന്റെ റിപ്പോർട്ടും ഭക്ഷ്യവസ്തുക്കളുടെ ഫോട്ടോ സഹിതം ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നുണ്ട് .ഈ വിവരങ്ങൾ പത്രമാധ്യമങ്ങളിലൂടെ വാർത്താകുറിപ്പായും പ്രസിദ്ധീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ